LIBRARY ARCHIVES Kerala Legislative Assembly

ചന്ദനത്തടി മുറിച്ച് കടത്തിക്കൊണ്ടുപോയത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ

119 [1131] ശ്രീ. സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽനിന്നും ചന്ദനത്തടി മുറിച്ച് കടത്തിക്കൊണ്ടുപോയ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്രപേരെ പ്രതിയായി ചേർത്തിട്ടുണ്ട്;

(സി) ഇവരുടെ കുറ്റം തെളിയിച്ച് കഴിഞ്ഞോ;

(ഡി) ഇതുമൂലം എന്തു തുകയുടെ നഷ്ടമുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1432 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 3386 പേരെ പ്രതിയായി ചേർത്തിട്ടുണ്ട്.

(സി) 247 പേരുടെ കുറ്റം തെളിയിച്ച് കഴിഞ്ഞിട്ടുണ്ട്.

(ഡി) 38,63,005 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

ചന്ദന ഫാക്ടറികൾ പൂട്ടണമെന്ന ശുപാർശ

120 [1132] ശ്രീ. പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചന്ദനഫാക്ടറികൾ മുഴുവനും പൂട്ടണമെന്ന് ശുപാർശ ഉണ്ടായിട്ടുണ്ടോ;

(ബി) ചന്ദനഫാക്ടറികൾ പൂട്ടുന്നതോടൊപ്പം പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചന്ദനമരം മുറിച്ചു മാറ്റുന്നതിനും അതു കച്ചവടം ചെയ്യുന്നതിലും ചില നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ 1961-ലെ കേരള ഫോറസ്റ്റ് ആക്ടിൽ ചില ഭേദഗതികൾ വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.